എസ്സി/എസ്റ്റി. വകുപ്പിനുകീഴിലുള്ള കിന്റർഗാർട്ടനുകളുടെ പ്രവർത്തനം

139 (1102) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എസ്സി-എസ്റ്റി. വകുപ്പിന് കീഴിലുള്ള കിന്റർഗാർട്ടനുകളുടെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(ബി) ഇത്തരത്തിലുള്ള എത്ര കിന്റർഗാർട്ടനുകൾ പ്രവർത്തിക്കുന്നുണ്ടെന്നും അത് എവിടെയെല്ലാമെന്നും അറിയിക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളിലെ വർക്കർക്കും, ഹെൽപ്പർക്കും നൽകുന്ന ആനുകൂല്യങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പ്രസ്തുത കിന്റർ ഗാർട്ടനുകളിലെ സൗകര്യം വർദ്ധിപ്പിക്കാനും ഇതിലെ ജീവനക്കാരുടെ ആനുകൂല്യം വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറ്റം ചെയ്ത പദ്ധതികളിലുൾപ്പെടുന്നതാണ് നഴ്സറി സ്കൂളുകൾ. ആയതിന്റെ പ്രവർത്തന മേൽനോട്ടം പഞ്ചായത്തുകൾക്കാണ്. എങ്കിലും ബ്ലോക്ക്തല പട്ടികജാതി വികസന ഓഫീസർമാർ, ഓരോ ജില്ലയിലെയും സ്ഥാപനങ്ങളുടെ ബന്ധപ്പെട്ട പ്രോജക്ട് ഓഫീസർ/ട്രൈബൽ ഡവലപ്മെന്റ് ഓഫീസർമാർ എന്നിവർ ഇവയുടെ പ്രവർത്തനം വിലയിരുത്തി വരുന്നുണ്ട്.

(ബി) പട്ടികജാതി വികസന വകുപ്പിന്റെ 90 നഴ്സറി സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 51 എണ്ണം നഴ്സറി സ്കൂളുകളും 39 എണ്ണം ബാലവാടി നഴ്സറി സ്കൂളുകളായി കൺവർട്ട് ചെയ്തതുമാണ്. പട്ടികവർഗ്ഗ വികസന വകുപ്പിൽ നിലവിൽ ഇത്തരത്തിലുള്ള 26 കിന്റർ ഗാർട്ടനുകൾ പ്രവർത്തിക്കുന്നു. (വിശദമായ പട്ടിക ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു. അനുബന്ധം I&II)*

(സി) വർക്കർ, ഹെൽപ്പർ എന്നീ തസ്തികകൾ പട്ടികജാതി വികസന വകുപ്പിന് കീഴിലുള്ള നഴ്സറി സ്കൂളുകളിൽ ഇല്ല. പകരം ടീച്ചർ, ആയ എന്നീ തസ്തികകളാണുള്ളത്. ഇതിൽ നഴ്സറി സ്കൂൾ അദ്ധ്യാപകർക്കും ആയമാർക്കും സർക്കാർ ശമ്പളസ്കെയിൽ അനുസരിച്ചുള്ള തുകയും (നഴ്സറി ടീച്ചർ 6680-10790, ആയ 4510-6230) ബാലവാടി കൺവർട്ട് ചെയ്ത നഴ്സറി സ്കൂളിൽ താഴ്പ്പറയുന്ന നിരക്കിലുമാണ് ഓണറേറിയം നൽകുന്നത്:

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

1. ടീച്ചർ-മെട്രിക്കുലേറ്റ് 2000 രൂപ (5 വർഷം വരെ സർവ്വീസ്)
2. ടീച്ചർ-മെട്രിക്കുലേറ്റ് 2100 രൂപ (5 വർഷത്തിലധികം സേവന ദൈർഘ്യം)
3. ടീച്ചർ-മെട്രിക്കുലേറ്റ് 2200 രൂപ (10 വർഷം സേവനദൈർഘ്യം)
4. ടീച്ചർ-നോൺമെട്രിക്കുലേറ്റ് 1400 രൂപ (5 വർഷം വരെ സേവന ദൈർഘ്യം)
5. ടീച്ചർ നോൺമെട്രിക്കുലേറ്റ് 1500 രൂപ (5 വർഷം പൂർത്തിയാക്കിയവർ)
6. ടീച്ചർ നോൺമെട്രിക്കുലേറ്റ് 1600 രൂപ (10 വർഷം പൂർത്തിയാക്കിയവർ)
7. ആയ 1000 രൂപ

പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ബാലവാടിയിലെ ടീച്ചർക്ക് പ്രതിമാസം ഓണറേറിയമായി 1000 രൂപയും ആയയ്ക്ക് 500 രൂപയും നിലവിൽ നൽകി വരുന്നു.

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികജാതി വികസന വകുപ്പിന്റെ നഴ്സറി സ്കൂളിലെ കുട്ടികളുടെ ആഹാരത്തിനുള്ള അലവൻസ് പ്രതിദിനം 10 രൂപയായും യൂണിഫോം അലവൻസ് 300 രൂപയായും വർദ്ധിപ്പിച്ചിട്ടുണ്ട്. നഴ്സറി സ്കൂളുകളുടെ ഭൗതിക സാഹചര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ പഞ്ചായത്തുകൾ ചെയ്തുവരുന്നുണ്ട്. ജീവനക്കാരുടെ ആനുകൂല്യം (സി) പിരിവിനുള്ള മറുപടിയിൽ പറയുന്ന രീതിയിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പട്ടികവർഗ്ഗ വികസന വകുപ്പിന്റെ കിന്റർ ഗാർട്ടനുകളിലെ കുട്ടികളുടെ ഉച്ചഭക്ഷണ നിരക്ക് പ്രതിദിനം 10 രൂപയായി ഉയർത്തിയിട്ടുണ്ട്.

ചാത്തന്നൂർ പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പണി

140 (1103) ശ്രീ. എൻ. അനിരുദ്ധൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പിന്നോക്ക പട്ടികസമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇത്തിക്കര ബ്ലോക്കിലെ ചാത്തന്നൂർ പഞ്ചായത്തിൽ അനുവദിച്ച പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പണി ആരംഭിച്ചോ : ഇല്ലെങ്കിൽ കാരണമെന്തെന്ന് വ്യക്തമാക്കുമോ :

(ബി) പ്രസ്തുത ഹോസ്റ്റലിന്റെ പണി ഏറ്റെടുത്ത കരാറുകാർ ആരാണ് : എഗ്രിമെന്റ് വച്ചിട്ടുണ്ടോ : എങ്കിൽ കാലാവധി എന്നാണ് അവസാനിക്കുന്നത് :

(സി) കരാർ വ്യവസ്ഥ പ്രകാരം പണി ചെയ്തു തീർക്കാത്ത കരാറുകാർക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ : ഇല്ലെങ്കിൽ അത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ :

(ഡി) പ്രസ്തുത പ്രീ-മെട്രിക് ഹോസ്റ്റലിന്റെ പണി എന്ന് പൂർത്തിയാക്കുമെന്ന് വ്യക്തമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly